പതിമൂന്നാംകേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.97 20.03.2012 - ൽ മറുപടിക്ക്

## ദേശീയപാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. ടി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത 47,17 എന്നിവയുടെ വികസന പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള അന്തിമ നിലപാട് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ എൻ.എച്ച്.17 ന്റേയും എൻ.എച്ച്.47-ന്റേയും വികസന പദ്ധതികൾ എൻ.എച്ച്. ഡി.പി.യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തിയിരി ക്കുന്നത്.<br><br>**<u>എൻ.എച്ച്. 17</u>**<br><br>എൻ.എച്ച്. 17 -ൽ തലപ്പാടി മുതൽ കണ്ണൂർ വരെയുള്ള ഭാഗത്തെ പണി അവാർഡ് ചെയ്തിട്ടുണ്ട്, പക്ഷെ എഗ്രിമെന്റ് ഒപ്പിട്ടിട്ടില്ല. കണ്ണൂർ മുതൽ വെങ്കളം വരെയും വെങ്കളം മുതൽ കുറ്റിപ്പുറം വരെയുമുള്ള ഭാഗത്തെ പണി അവാർഡ് ചെയ്ത് എഗ്രിമെന്റ് കൺസഷണർ 24.02.2010-ന് ഒപ്പിട്ടിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കൽ നടപടികൾ NH Act 1956 പ്രകാരം 3(A) (1) |

വിജ്ഞാപനം ഭാരത സർക്കാരിന്റെ ഗസറ്റിൽ പരസ്യപ്പെടുത്തിക്കഴിഞ്ഞു. എൻ.എച്ച് 17 -ൽ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കുള്ള 3(A) (1) വിജ്ഞാപനത്തിനുള്ള നടപടികൾ ചെയ്തുവരുന്നു.

## എൻ.എച്ച് 47

എൻ.എച്ച് 47 -ൽ വാളയാർ മുതൽ വടക്കൻഞ്ചേരി വരെയുള്ള (കി.മീ. 182/250 – 240/000) ഭാഗം നാലുവരി പാതയായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുകയും BOT വ്യവസ്ഥ യിൽ പണികൾ കരാർ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ എൻ.എച്ച്.എ.ഐ.യുടെ ന്യൂഡൽഹി ഓഫീസിൽ പുരോഗമിച്ചുവരികയുമാണ്.

വടക്കൻഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള 6 വരി പാതയുടെ പണികൾ BOT വ്യവസ്ഥയിൽ കരാർ നൽകി പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ മുതൽ അങ്കമാലി (കി.മീ.270/00 – 316/700) വരെയുള്ള 4 വരി പാതയും അങ്കമാലി - ഇടപ്പള്ളി (കി.മീ.316/700 – 342/000) ഭാഗ ത്തിന്റെ ഇംപ്രൂവ്മെന്റും മെയിന്റനൻസും BOT വ്യവസ്ഥയിൽ 04.12.2011 -ൽ പൂർത്തിയായി.

എൻ.എച്ച് 47 -ൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയും (കി.മീ.379/100 – 551/900) തിരുവനന്തപുരം മുതൽ കേരള-

| | | | |
|---|---|---|---|
| | | | തമിഴ്നാട് അതിർത്തിവരെയുമുള്ള (കി.മീ.0/000 -43/000) (തിരുവനന്തപുരം ബൈപ്പാസ്) ഭാഗം 4/6 വരിപാതയാക്കി വികസിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി കൾക്കായി എൻ.എച്ച്. ആക്ട് 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തു ന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) | ദേശീയപാത വികസനത്തിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ദേശീയപാതകളുടെ അലൈൻ മെന്റിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. എന്നാൽ എൻ.എച്ച്. 17 -ൽ (കാസറഗോഡ് ജില്ല) കുമ്പള ഭാഗത്ത് ശ്രീ.ഗോപാല കൃഷ്ണ ക്ഷേത്രത്തെ സംരക്ഷിക്കുന്ന തിനും, മുഴിപ്പിലങ്ങാട്, ചേങ്ങോട്ട് കാവ്, ചംചേരി എന്നിവിടങ്ങളിൽ റെയിൽവേ യുടെ ഭൂമി ഒഴിവാക്കുന്നതിലേയ്ക്കുമായി അലൈൻമെന്റിൽ മാറ്റം വരുത്തുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ദേശീയപാതാ വികസന ത്തിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുപ്പ് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയു മെന്ന് വ്യക്തമാക്കാമോ; | (സി) | കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ എൻ.എച്ച്.ആക്ട് 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിക്കഴിഞ്ഞു. മേൽ ജില്ലകളിൽ 30.06.2013 -നകം സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റു ജില്ലകളിൽ ഗസറ്റ് വിജ്ഞാപനം പരസ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6 മാസം മുതൽ ഒരു |

| | | | |
|---|---|---|---|
| | | | വർഷത്തിനകം സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന റോഡു വികസന പദ്ധതി (SRIP) പ്രകാരം ഏകദേശം 1000 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ അന്തിമമായി തീരുമാനിക്കാത്തതിനാൽ ഈ വിഭാഗത്തിൽപ്പെട്ട യാതൊരു റോഡിനും ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ